
# നൈനിർട്ടുത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge, Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2.
New Delhi-110049


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 8** **August 1994** **No. 5**


അടുത്ത സമയത്തു ഒരു സഹോദരിയുടെ ഭർത്താവ് മരണപ്പെട്ടു. അവരുടെ വിവാഹം നടന്നതു ഭൂരിപക്ഷം പേർ ഉൾപ്പെടുന്ന ഒരു പാരമ്പര്യ സമുദായ ഇടവകയിൽ ആയിരുന്നു. പള്ളിയുമായി പുലബന്ധം പോലും പുലർത്താതെ മദ്യപാനത്തിലും ചീട്ടുകളിയിലും രസിച്ച് കിട്ടുന്ന വരുമാനം ഭാര്യയെയും മക്കളെയും സംരക്ഷിക്കാതെ ചെലവഴിച്ച ഹതഭാഗ്യൻ എന്നു പറയാം. എന്നാൽ അയാളുടെ ഭാര്യ ദൈവവചനപ്രകാരം ജീവിക്കുന്ന സ്ത്രീയുമായിരുന്നു. മക്കൾ രണ്ടുമല്ലാത്ത അവസ്ഥയിലുമായിരുന്നു. ഏതായാലും ആ മനുഷ്യൻ മരിച്ചപ്പോൾ സമുദായത്തിന്റെ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്യുവാൻ മാത്രമെ നിർവ്വാഹമുണ്ടായിരുന്നുള്ളു. അവരുടെ ബന്ധുക്കൾ പള്ളിയുടെ അധികാരിയെ സമീപിച്ചപ്പോൾ മൃതദേഹം അടക്കം ചെയ്യുവാൻ അനുവദിക്കണമെങ്കിൽ ആ സ്ത്രീയും അവരുടെ കുടുംബം മുഴുവനും സമുദായ വിശ്വാസത്തിലും ആചാരത്തിലും വിശ്വസിച്ച് നിലകൊള്ളാമെന്ന് പേപ്പറിൽ എഴുതി ഒപ്പിട്ടുകൊടുക്കണമെന്നു ആവശ്യപ്പെട്ടു. ജഢികമായ ആവശ്യങ്ങൾ നിറവേററുവാൻ ആത്മാവിനെ അവർക്കു പണയം വെപ്പിക്കുന്ന സമുദായങ്ങളാണ് ഇന്നുള്ളതു. ഇതു ദൈവേഷ്ടത്തിനു എതിരാണ്.

# നഷ്ടപ്പെടുക എന്നാൽ എന്ത്?

J. C. ചോട്ട്

നിങ്ങൾ എപ്പോഴെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ? ഭൗതികമായി? വഴി തെററിപ്പോയാൽ അപ്പോഴാണ് അതു യഥാർത്ഥമായി അനുഭവപ്പെടുന്നതു. അതു ഭയങ്കരമായ ഒരനുഭവമാണ്. നിങ്ങളുടെ ശൈശവപ്രായത്തിൽ എപ്പോഴെങ്കിലും നിങ്ങളുടെ രക്ഷകർത്താക്കളിൽ നിന്നും നിങ്ങൾ കൈവിട്ടു പോയിട്ടുണ്ടോ? അങ്ങനെയെങ്കിൽ ആ അവസ്ഥയിലുള്ള ഒരാളുടെ ഭയപ്പാടും നിലവിളിയും നിങ്ങൾക്കു ഊഹിക്കാവുന്നതാണ്. അതു ശാരീരികമായി അത്ര മാത്രം മോശമായതും വേദനാജനകമായതും ആകുന്നുവെങ്കിൽ ആത്മീയമായ നഷ്ടം അനുഭവപ്പെടുമ്പോൾ അതിൻെറ അനന്തരഫലം എത്രമാത്രം ശോചനീയമാണ് എന്നു ചിന്തിക്കുക. നഷ്ടപ്പെട്ട അവസ്ഥ ഒരാൾക്കു ബോധ്യമായില്ലെങ്കിൽ തൽക്കാലം അയാൾ തൃപ്തനും സന്തോഷവാനും ആയി കാണപ്പെട്ടേക്കാം, പക്ഷെ നിങ്ങൾ ഓരോരുത്തരും കർത്താവിനെ എതിരേൽപാൻ ഒരുങ്ങിയിരിക്കണം. എന്നാൽ ജീവിതത്തിൽ പിന്നീട് നഷ്ടപ്പെട്ടാൽ തിരിച്ചറിയുന്നതു എങ്ങനെയായിരിക്കും എന്നു ഓർമ്മിക്കുക. ഏററവും ദുഃഖകരമായ സ്ഥിതി എന്തെന്നാൽ ന്യായവിധിയിൽ മാത്രമെ നിത്യമായ നാശത്തെ കുറിച്ച് അനുഭവപ്പെടുകയുള്ളു. അപ്പോൾ അതിൽ നിന്നും ഒഴിഞ്ഞുമാറുവാനും കഴികയില്ല.

നഷ്ടപ്പെടുക എന്നു വെച്ചാൽ എന്താണ് എന്നു മനസിലാക്കുവാൻ നഷ്ടപ്പെട്ട അവസ്ഥയെക്കുറിച്ച് നാം നന്നായി ചിന്തിക്കണം. നഷ്ടപ്പെട്ടയാൾ എന്താണ് ഉപേക്ഷിക്കുന്നതു, അവനു വാസ്തവത്തിൽ നഷ്ടമാകുന്നതു എന്ത്, ഈ തീരുമാനത്തിൻെറ അനന്തരഫലമായി സഹി

ക്കേണ്ടിവരുന്നതെന്തെല്ലാം എന്നിവ നാം കണക്കിലെടുക്കണം. ഈ കാര്യങ്ങളിൽ പൂർണ്ണമായ പരിഗണന കൊടുക്കാൻ കഴിയുന്ന ഒരാൾ അതിൽ തുടരുവാൻ രണ്ടാമതൊന്നു ആലോചിക്കേണ്ടിവരും.

ഒരാൾ രക്ഷിക്കപ്പെടാതെ, നഷ്ടപ്പെട്ട അവസ്ഥയിൽ ആണെങ്കിൽ അയാൾ പാപത്തിൽ ആണ് ജീവിക്കുന്നതു. ജനിക്കുമ്പോൾ ആളുകൾ പാപത്തോടുകൂടിയാണോ ജനിക്കുന്നത് ? അല്ലെങ്കിൽ മറ്റൊരാളുടെ പാപവും വഹിച്ചുകൊണ്ടാണോ ജനിക്കുന്നത് ? അല്ല, നൻമതിൻമകളെ സംബന്ധിച്ച് തിരിച്ചറിയാവുന്ന പ്രായം അല്ലെങ്കിൽ കണക്കു കൊടുക്കേണ്ട പ്രായം വരുമ്പോൾ ആണ് ഒരാൾ പാപിയായി തീരുന്നതു. ഏതു അനീതിയും പാപമാണെന്നു യോഹന്നാൻ പറഞ്ഞിരിക്കുന്നു (1 യോഹന്നാൻ 5:17). പാപം പിശാചിൻേറതാണെന്നു കൂടെ അവൻ പറയുന്നുണ്ട് (1 യോഹ. 3:8). പാപം അധർമ്മം തന്നെ (1 യോഹന്നാൻ 3:4). ബൈബിളിൽ വായിക്കുന്ന മോശമായ കാര്യങ്ങൾ ചെയ്യുന്ന ആൾ നിയമലംഘനക്കാരൻ ആകുന്നു. "ജഡത്തിൻെറ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ഭിന്നപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു (ഗലാത്യർ 5:19-21). അപ്പോൾ നല്ല ധാർമ്മികജീവിതം നയിക്കുന്നവരോ എന്നു ചോദിച്ചേക്കാം. ആ വ്യക്തിയും പാപി തന്നെ കാരണം ദൈവമുൻപാകെ എല്ലാവരും പാപികളാണ്; ആരും പൂർണ്ണരല്ല. ഈ ധാർമ്മിക മനുഷ്യൻ അവൻെറ നൻമ പ്രവൃത്തികളിലാണ് ആശ്രയിക്കുന്നതു. ദൈവത്തിൻെറ നിയമത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നില്ല.

ആകയാൽ അയാളുടെ സൽപ്രവൃത്തികൾ പാപത്തെ നിവാരണം ചെയ്യുവാൻ സഹായകരമല്ല. തന്നെ രക്ഷിക്കത്തക്ക നൻമയുള്ള ഒരു മനുഷ്യനും ഇല്ല.

നഷ്ടപ്പെടുക എന്നു വെച്ചാൽ ഇരുട്ടിലാകുക എന്നാണ് അർത്ഥം. തിരുവെഴുത്തിൽ ഇരുട്ട് എന്നതിനെ ധാരാളം ഭാഗത്ത് പരാമർശിക്കുന്നുണ്ട്. മോശമായ തിൻമയെ, പാപത്തെയാണ് അവിടെയെല്ലാം വിശദമാക്കുന്നതു. ഇരുട്ടിൻെറ വിപരീതപദമാണ് വെളിച്ചം. ഒരാളുടെ ആയുഷ്ക്കാലം മുഴുവൻ അയാൾ അക്ഷരികമായി ഇരുട്ടിൽ കഴിയേണ്ടിവരുന്ന ഒരു സാഹചര്യത്തെ നിങ്ങൾ ഒന്നു ഊഹിച്ചു നോക്കൂ. അതെത്ര ഭയാനകവും നിഷ്ക്രിയാവസ്ഥയുമാണെന്നു മനസിലാക്കാം. മനോഹരവും ഭംഗിയുമുള്ള അനേകം വസ്തുക്കൾ അപ്പോൾ ആസ്വദിക്കാനോ കാണുവാനോ കഴിയാതെ വരും. എന്നാൽ ആത്മീയമായ നഷ്ടമോ ? ആത്മീയമായി ഒരാൾ തൻെറ ജീവിതം മുഴുവൻ അന്ധതയിൽ, ഇരുട്ടിൽ കഴിയേണ്ടിവരിക എന്നതു ഭയങ്കരം തന്നെ. അവസാനമോ, പുറത്തുള്ള ഇരുട്ടിലേക്കു എന്നേക്കുമായി തള്ളപ്പെടുന്നു (എഫെസ്യർ 5:11, 1 യോഹന്നാൻ 2:9; 2 പത്രോസ് 2:4). അതാണ് നഷ്ടപ്പെടുക എന്നു പറഞ്ഞാൽ. അതു അനുഭവപ്പെടുമ്പോഴാണ് അതിൻെറ ഗൗരവമായ സ്ഥിതി ബോധ്യമാകുന്നതു.

ആത്മീയമായി ഒരാൾ നഷ്ടപ്പെടുമ്പോൾ അയാൾ ദൈവത്തെ കൂടാതെ ജീവിക്കുകയാണ്. അപ്പോഴും ആശക്കു വകയുണ്ട്. ദൈവത്തിൻെറ അരുളപ്പാടുകൾ അതു സ്ഥിരീകരിക്കുന്നു "രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവൻെറ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളേയും നിങ്ങളുടെ ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു. നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവൻെറ മുഖത്തെ നിങ്ങൾ

ക്കു മറെക്കുമാറാക്കിയതു (യെശയ്യാവ് 59:1-2). കർത്താവിൻെറ കണ്ണ് നീതിമാൻമാരുടെ മേലും അവൻെറ ചെവി അവരുടെ പ്രാർത്ഥനെക്കും തുറന്നിരിക്കുന്നു. എന്നാൽ കർത്താവിൻെറ മുഖം ദുഷ്പ്രവൃത്തിക്കാർക്കു പ്രതികൂലമായിരിക്കുന്നു (1 പത്രൊസ് 3:12). ദൈവത്തെ കൂടാതെയുള്ള ഒരാളുടെ ജീവിതം ഇപ്പോഴും പിന്നീടും എത്ര ഭയാനകമായിരിക്കും ? എങ്ങനെ ഒരാംക്ക് അപ്രകാരം ജീവിക്കാൻ കഴിയും ? എന്നാൽ ദൈവത്തെ കൂടാതെ മരിച്ചു കഴിഞ്ഞാലുള്ള അവസ്ഥ എന്തായിരിക്കും എന്നു ചിന്തിച്ചു നോക്കൂ. എത്ര ദയനീയമാണ് അതു !

ഒരാം നഷ്ടപ്പെട്ടവനാണെങ്കിൽ അയാം ക്രിസ്തുവിനെ കൂടാതെ, ക്രിസ്തുവിന് പുറത്തു ജീവിക്കുന്നതു കൊണ്ടാണ്. പാപത്തിൽ നിന്നു തന്നെ ശുദ്ധീകരിച്ചു രക്ഷിപ്പാൻ വന്ന രക്ഷകനായ നാഥനെയാണ് അയാം തള്ളിക്കളയുന്നതു. അതിൻെറ യർത്ഥം അയാം, തൻെറ പാപത്തിൽ തന്നെ വസിക്കാൻ ആഗ്രഹിക്കുന്നു. ആകയാൽ ക്രിസ്തുവിലൂള്ള സകല ആത്മീയ അനുഗ്രഹങ്ങളും നിരസിക്കുകയാണ് ചെയ്യുന്നതു. നിങ്ങാംക്കു ജീവൻ ഉണ്ടാകേണ്ടതിനു എൻെറ അടുക്കൽ വരുവാൻ നിങ്ങാംക്കു മനസില്ല എന്നു കർത്താവു പ്രസ്താവിച്ചിരിക്കുന്നു (യോഹന്നാൻ 5:40). നഷ്ടപ്പെട്ട അവസ്ഥയുടെ പൂർണ്ണരൂപം ഈ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നു. ക്രിസ്തുവിൻെറ അടുക്കലേക്കു രക്ഷക്കായി നാം വരാതെ അവനെ തള്ളിക്കളഞ്ഞാൽ അവന്നു നമ്മെ രക്ഷിപ്പാൻ കഴികയില്ല.

ക്രിസ്തുവിൻെറ സുവിശേഷം അനുസരിക്കാത്തേടത്തോളം അതു തള്ളിക്കളയുന്ന ഒരു പാപിക്കും രക്ഷ പ്രാപിക്കുവാൻ കഴികയില്ല. യേശു അപ്പൊസ്തലൻമാരോടു അരുളിച്ചെയ്തതു: നിങ്ങാം ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗി

പ്പിൻ; വിശ്വസിക്കയും സ്നാനമേൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നാൽ (മർക്കൊസ് 16:16). സുവിശേഷം അനുസരിക്കാത്ത പലരും രക്ഷ പ്രാപിച്ചു എന്നു പറയുന്നുണ്ട്. പക്ഷെ യേശുക്രിസ്തു പറയുന്നു അവർ രക്ഷിക്കപ്പെട്ടിട്ടില്ലെന്നു. കർത്താവിനു അനുസരണത്താൽ കീഴ്പ്പെടാത്ത ആർക്കും കർത്താവിന്റെ രക്ഷ പ്രാപിപ്പാൻ സാദ്ധ്യമല്ല.

സഭക്കു പുറത്തു നിൽക്കുക എന്നതു ക്രിസ്തുവിനെ കൂടാതെ ജീവിക്കുന്നതിനു തുല്യമാണ്. അതിന്റെ അർത്ഥമോ അയാൾ നഷ്ടപ്പെട്ടവനാണ് എന്നത്രെ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു (എഫെസ്യർ 5:23). വചനത്തിൽ പറഞ്ഞിരിക്കുന്നതു ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവ് എന്നാണ്. എന്നാൽ എന്താണീ ശരീരം ? അതേ എഴുത്തുകാരൻ പറഞ്ഞിരിക്കുന്നു അതു സഭയാണെന്ന് (എഫെ. 1:22; 23; കൊലൊ. 1:18). ആളുകൾ എങ്ങനെ കണക്കാക്കിയാലും എന്തു പറഞ്ഞാലും ക്രിസ്തു രക്ഷിതാവായ ശരീരത്തിന്റെ—സഭയുടെ ഭാഗമാകാതെ ഒരാൾക്കു ക്രിസ്തുവിനാൽ രക്ഷ പ്രാപിക്കുക എന്നതു അസാദ്ധ്യമാണ്. ഒരാൾ ക്രിസ്തുവിന്റെ സഭയിൽ അംഗമല്ലെങ്കിൽ അയാൾ നഷ്ടപ്പെട്ടവനാണ്. കർത്താവ് വീണ്ടും വരുമ്പോൾ തന്റെ രാജ്യമാകുന്ന സഭയെ വീണ്ടെടുത്തു പിതാവിനെ ഏൽപിക്കും. (എഫെ. 5:27; 1 കൊരിന്ത്യർ 15:24). ഒരാൾ ആ സമയത്തു കർത്താവിന്റെ രാജ്യത്തിൽ, സഭയിൽ അല്ലെങ്കിൽ അയാൾക്കു എന്തു സംഭവിക്കും ? തിരുവെഴുത്തു പറയുന്നതു അങ്ങനെയുള്ളവൻ തള്ളപ്പെടും, നിത്യനാശത്തിലേക്കു തന്നെ നീക്കപ്പെടും എന്നാണ്.

ഒരാൾ നഷ്ടപ്പെടുമ്പോൾ പ്രത്യാശയില്ലാതായി തീരുകയാണ്. അയാൾക്ക് തന്നെ രക്ഷിപ്പാൻ പാറുകയില്ല.

മറ്റൊരു മനുഷ്യനോ മാനുഷിക വ്യവസ്ഥകൾക്കോ അതു സാദ്ധ്യമല്ല. രക്ഷിക്കപ്പെടാതെയുള്ള സ്ഥിതിയിൽ ആണ് ഒരാൾ ജീവിക്കുന്നതെങ്കിൽ അയാൾ നഷ്ടപ്പെട്ടു കഴിയുന്നു എന്നാണ് അർത്ഥം. അങ്ങനെയുള്ള അവസ്ഥയിൽ തന്നെ അദ്ദേഹം മരിക്കുകയാണെങ്കിൽ അയാൾ പ്രത്യാശയില്ലാതെ നിത്യതയിൽ കഴിയേണ്ടിവരും. രണ്ടാമതു ഒരവസരമോ ഒഴിഞ്ഞുമാറുവാനുള്ള ഒരു വഴിയോ പിന്നെ ലഭിക്കുന്നതല്ല. നിത്യത മുഴുവൻ അയാൾ പിശാചിനോടും ദുഷ്ടൻമാരോടും ഒത്തു ജീവിക്കേണ്ടിവരുമെന്നതു എത്ര ഹൃദയഭേദകമായ ഒന്നാണെന്നോ! "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ; അതു രണ്ടാമത്തെ മരണം ഇതാണ് നാം വായിക്കുന്നതു (വെളിപ്പാട് 21:8).

ഒരിക്കൽ ദൈവമില്ലാത്തവരും പ്രത്യാശയില്ലാത്തവരുമായിരുന്നു എന്ന് പൌലൊസ് എഫെസ്യയിലെ ക്രിസ്ത്യാനികൾക്കു എഴുതുമ്പോൾ അവൻ ഓർപ്പിക്കുന്നുണ്ട് (എഫെസ്യർ 2:12). അതെങ്ങനെയുള്ളതായിരിക്കും, ഏതു പോലെ ഇരിക്കും എന്നു നമുക്കു ഊഹിക്കാൻ പോലും പററുമോ? സാദ്ധ്യമെങ്കിൽ രണ്ടാമതും അങ്ങനെയുള്ള ജീവിതം നയിക്കുവാൻ തുനിയുകയില്ല. നിരാശാജനകമായ ജീവിതം ആർക്കും സുഖകരമായി തോന്നുകയില്ല.

നഷ്ടപ്പെടുക എന്നാൽ ഏതു പോലെ ഇരിക്കും എന്ന ചെറിയ ഒരവലോകനം മാത്രമാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നതു. നിങ്ങൾ നഷ്ടപ്പെട്ട അവസ്ഥയിൽ ആണ് ജീവിക്കുന്നതെങ്കിൽ അതു ഉടനെ മാററും എന്നതാണ് ഞങ്ങളുടെ പ്രാർത്ഥന. ആ സ്ഥിതിയിൽ നിങ്ങൾക്കു നഷ്ടപ്പെടുന്നതു മാത്രമല്ലാതെ കിട്ടുന്നതു ഒന്നുമല്ലല്ലോ. ക്രിസ്തുവിൻെറ വചനം വിശ്വസിച്ച് ദൈ

വേഷ്ടം നിങ്ങൾ അനുസരിക്കുവാൻ തുടങ്ങുമ്പോൾ വസ്തുതകൾ എത്ര വേഗത്തിൽ മാറി തിരിയുമെന്നോ ! അവൻ നിങ്ങളെ രക്ഷിച്ച് അവൻെറ സഭയിൽ ചേർക്കുകയും നിത്യജീവൻെറ പ്രത്യാശ നിങ്ങൾക്കു തരുകയും ചെയ്യുന്നു നിങ്ങൾക്കു സമയവും അവസരവും ഉള്ളപ്പോൾ തന്നെ ദൈവത്തെ അനുസരിക്കുവാൻ ഞങ്ങൾ പ്രാർത്ഥിക്കും. നാളെ എന്നതു വളരെ താമസിച്ചുപോകും എന്നു ഓർമ്മിക്കുക.

★

സ്ത്രീകൾക്കുമാത്രം

# അവളുടെ ഭർത്താവിനെ യജമാനൻ എന്നു വിളിച്ചപ്പോൾ

ബെററി B. C.

ഇന്ന് ഇറാക്ക് എന്നറിയപ്പെടുന്ന ഊർ എന്ന ദേശത്തെ അസാധാരണ സൗന്ദര്യമുള്ള ഒരു സ്ത്രീയായിരുന്നു സാറാ. അവൾ അബ്രാഹാമിനു വിവാഹത്തിൽ പ്രതിജ്ഞയും വാഗ്ദാനങ്ങളും നടത്തിയവളുമായിരുന്നു.

സാറാ ഏതു തരത്തിലുള്ള സ്ത്രീയായിരുന്നു ? സൗന്ദര്യം മാത്രമായിരുന്നോ അവളുടെ സമ്പത്ത് ? തിരുവചനത്തിൽ അവളെ സംബന്ധിച്ച് നമുക്കു എന്തു പഠിക്കുവാൻ കഴിയും ?

അവൾ തൻെറ ഭർത്താവിനെ സ്നേഹിക്കുകയും ബഹുമാനിക്കയും ചെയ്തിരുന്നു. 1 പത്രോസ് 3:6-ൽ ഇപ്രകാരം പറയുന്നു: "അങ്ങനെ സാറാ അബ്രാഹാമിനെ യജമാനൻ എന്നു വിളിച്ചു അനുസരിച്ചിരുന്നു: നൻമ ചെയ്തു യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ

നിങ്ങൾ അവളുടെ മക്കൾ ആയിത്തീർന്നു'' അവൾ ഈ വാക്കു ആത്മാർത്ഥതയോടെ ഉപയോഗിച്ചതാണെന്ന് അവളുടെ ഭർത്താവിനോടുള്ള സമർപ്പണജീവിതം തെളിയിക്കുന്നു. തന്റെ പിതൃഭവനത്തെയും ചാർച്ചക്കാരെയും വിട്ടുപോകുവാൻ അബ്രാഹാമിനെ ദൈവം വിളിച്ചപ്പോൾ അവർ അവനെ അനുഗമിച്ച് യാത്രയായി; തടസമൊന്നും പറയാതെ തന്നെ. ചൂടുള്ള കാലാവസ്ഥയിൽ വ്യത്യസ്ഥ സ്ഥലങ്ങളിൽ കൂടെ കഷ്ടം സഹിച്ചുകൊണ്ട് കൂടാരങ്ങളിൽ താമസിച്ചുകൊണ്ടാണ് സഞ്ചാരം തുടരുന്നതു. സാധാരണ സ്ത്രീകളാണെങ്കിൽ പിറുപിറുപ്പെങ്കിലും ഉണ്ടാകും. അവളുടെ ശേഷിച്ച കാലയളവിലെല്ലാം സാറാക്കു വസിക്കുവാൻ സ്ഥിരമായ ഒരു വീടുണ്ടായിരുന്നില്ല. എന്നിരുന്നാലും, അവൾക്കു ഒരു പരാതിയും ഉണ്ടായിരുന്നില്ല എന്നു തിരുവെഴുത്തു വെളിപ്പെടുത്തുന്നു.

അതേ മനോഭാവത്തോടുകൂടി, ക്രിസ്തീയ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാർക്കു കീഴ്പ്പെട്ട് ഇരിക്കുവാൻ പ്രോത്സാഹിപ്പിച്ചിരിക്കുന്നു (1പത്രൊസ് 3:5). സാറാക്കു വളരെ സൗന്ദര്യമുണ്ടായിരുന്നുവെങ്കിലും അവൾ ഒതുക്കവും വിനയവുമുള്ള മാതൃകയാണ് പിന്തുടർന്നതു. 1പത്രൊസ് 3-ാം അദ്ധ്യായത്തിൽ ആദ്യ ഭാഗത്തുള്ള വാക്യങ്ങൾ വായിച്ചാൽ ക്രിസ്തീയ സ്ത്രീകൾ ദൈവഭക്തകളായി ജീവിക്കണമെന്നു പ്രബോധിപ്പിച്ചിരിക്കുന്നതായി നമുക്കു ഗ്രഹിക്കാം.

ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം ഭയത്തോടു കൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളല്ല, സൌമ്യതയും സാവധാന

തയുമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢ മനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു (1 പത്രൊസ് 3:1-4).

എന്നാൽ സാറാ എതിർ പറയുകയോ തടങ്ങൽ ആയി നില്ക്കുകയോ ചെയ്യുന്നവളായിരുന്നോ ? നിർബ്ബന്ധത്തിനു വഴങ്ങിയാണോ അവൾ തന്റെ ഭർത്താവിന്റെ ഇംഗിതത്തിനു കീഴ്പ്പെട്ടത് ? ഒരിക്കലുമല്ല. രണ്ടു സന്ദർഭങ്ങളിൽ വിദേശ സ്ഥലങ്ങളിൽ വസിക്കുമ്പോൾ സാറായുടെ അമിത സൗന്ദര്യം തന്റെ ജീവനുപോലും അപകടമാണെന്ന് അബ്രഹാം മനസിലാക്കിയതായി കാണുന്നു. "അവൻ തന്റെ ഭാര്യ സാറായിയോടു പറഞ്ഞതു; ഇതാ, നീ സൗന്ദര്യമുള്ള സ്ത്രീയെന്നു ഞാൻ അറിയുന്നു. മിസ്രയീമ്യർ നിന്നെ കാണുമ്പോൾ, ഇവൾ അവന്റെ ഭാര്യയെന്നു പറഞ്ഞു എന്നെ കൊല്ലുകയും നിന്നെ ജീവനോടെ രക്ഷിക്കുകയും ചെയ്യും. നീ എന്റെ സഹോദരി എന്നു പറയേണം; എന്നാൽ നിന്റെ നിമിത്തം എനിക്കു നന്മ വരികയും ഞാൻ ജീവിച്ചിരിക്കയും ചെയ്യും'' (ഉല്പത്തി 12:11-13).

അബ്രാഹാമിന്റെ ഈ ഭയപ്പാടിനുള്ള കാരണം ഭീരുത്വമായിരുന്നു എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അവനെ അവിടെ കൊണ്ടു വന്ന ദൈവത്തോടുള്ള അവന്റെ വിശ്വാസക്കുറവും ആശ്രയസ്വഭാവത്തിലുള്ള പോരായ്മയുമാണ് ഇതു എടുത്തുകാണിക്കുന്നതു. എന്നാൽ ഒരു ഭർത്താവ് എന്ന നിലയിൽ അവൻ തന്റെ ഭാര്യയോടു അപേക്ഷിക്കുകയാണ് ചെയ്തതു. അല്ലാതെ, ഒരു യജമാനൻ തന്റെ ദാസനെ കല്പിച്ച് അനുസരിപ്പിക്കുന്നതുപോലെ ആയിരുന്നില്ല. യാതൊരു നിർബ്ബന്ധവും അവൻ അതിനായി അവളിൽ ചുമത്തിയില്ല.

ദൈവഭക്തയായ ഒരു സ്ത്രീ എന്ന സ്ഥിതിയിൽ തന്റെ ഭർത്താവിന്റെ സംരക്ഷണയ്ക്കായി അവൾ അല്പം

സാഹസം തന്നെ ഏറ്റെടുത്തു. സാറാ അബ്രാഹാമിൻെറ അപേക്ഷ സ്വീകരിച്ചു, അനുസരിച്ചു.

ഒരു സമയത്തു, സാധാരണ മാനുഷിക ബലഹീനതയാൽ സാറാ ഒരു തെററു ചെയ്യുന്നുണ്ട്. അവരാംക്കു ദൈവത്തിൽ ആശ്രയിച്ച് ക്ഷമയോടെ കാത്തിരിക്കാൻ കഴിഞ്ഞില്ല. അബ്രാഹാമിന് ഒരു സന്തതിയെ ദൈവം വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ പത്തു വർഷം കഴിഞ്ഞിട്ടും മക്കളുണ്ടായില്ല. സാറാ ഈ പ്രശ്നം പരിഹരിക്കുവാൻ സ്വയമായി തീരുമാനമെടുക്കുന്ന ചരിത്രം ഉല്പത്തി, 16-ാം അദ്ധ്യായത്തിൽ നമുക്കു വായിക്കാം. സാറാ ആ ദേശത്തെ ആചാരമായിട്ടുണ്ടായിരുന്ന ഒന്നു ചെയ്യുന്നു. അതായതു ഭർത്താവിനു മക്കളെ ജനിപ്പിക്കുവാൻ തങ്ങളാൽ ആവുകയില്ലെന്നു ബോധ്യപ്പെട്ട സ്ത്രീകരാം അവരുടെ ദാസിയെ ഭർത്താവിനു ഭാര്യയായി പരിഗ്രഹിപ്പാൻ സമ്മതിക്കുമായിരുന്നു. ഇങ്ങനെ ജനിക്കുന്ന മക്കളെ സ്വന്തം മക്കരാം എന്നപോലെ അവർ കരുതുകയും ചെയ്തിരുന്നു. ദാസി ഗർഭം ധരിച്ചപ്പോരാം സാറാ അവളുടെ കണ്ണിൽ നിന്ദിതയായി മാറി. അവസാനം അബ്രാഹാമിനും സാറാക്കും വാഗ്ദത്ത സന്തതിയായ ഇസഹാക്ക് ജനിച്ചപ്പോഴേക്കും യിശ്മായേൽ വളർന്നു. അവൻ ഇസഹാക്കിനെ പരിഹസിക്കത്തക്കവെണ്ണം ആയി. പിന്നീട് യിശ്മായേലിൻെറ സന്തതികളും ഇസഹാക്കിൻെറ സന്തതികളും തമ്മിൽ ശത്രുതയിൽ ആയി. 3500 വർഷങ്ങരാം പിന്നിട്ട ശത്രുത അതിനു ശേഷം ഇസ്രയേലും അറബികളും തമ്മിൽ ആയി മാറി.

ചിലപ്പോരാം ദൈവഭക്തകളായ സ്ത്രീകരാംക്കുപോലും ദൈവത്തിൽ ആശ്രയിച്ച് കാത്തിരിക്കുമ്പോരാം, അക്ഷമ വിശ്വാസക്കുറവു നിമിത്തം നേരിടും, അപ്പോരാം മാനുഷിക ബുദ്ധിയാൽ പരിഹാരം കാണും. അതു പ്രശ്നം സങ്കീർണ്ണമാക്കിതീർക്കും. ഇവിടെ യഥാർത്ഥത്തിൽ എന്താണ് അവരാം ചെയ്യുന്നതു ? ദൈവം ചെയ്യേണ്ട പ്രവൃത്തിക്കു

പകരം അവർ സ്വയമായി ഏറ്റെടുത്തു നടത്തുകയാണ്. നന്മ തിന്മകളെ യഥാർത്ഥമായി വിവേചിപ്പാനുള്ള കഴിവില്ലായ്മയും ഈ സന്ദർഭത്തിൽ ദൃശ്യമാണ്. നാം എത്ര ബുദ്ധിയുള്ളവരായാലും. "ഞാൻ ജീവനുള്ളവരുടെ ദേശത്തു യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശവെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശവെക്കുക (സങ്കീർത്തനം 27:14).

വിശ്വാസികളുടെ പട്ടിക എബ്രായർ 11-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. അതിൽ അബ്രഹാമിന്റേയും സാറായുടെയും പേരുകൾ ചേർത്തിട്ടുണ്ട്. പഴയ നിയമ കാലഘട്ടത്തിൽ ദൈവത്തിൽ വിശ്വാസമർപ്പിച്ചിരുന്ന ആളുകൾക്കു ദൈവത്തിൽ നിന്നു ലഭിച്ച നന്മകളും എടുത്തു പറഞ്ഞിട്ടുണ്ട്. വിശ്വാസത്താൽ സാറായും വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ എന്നു എണ്ണുകയാൽ പ്രായം കഴിഞ്ഞിട്ടും പുത്രോല്പാദനത്തിനു ശക്തി പ്രാപിച്ചു. അതുകൊണ്ടു ഒരുവന്നു, മൃത പ്രായനായവന്നു തന്നെ, പെരുപ്പത്തിൽ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽപ്പുറത്തെ എണ്ണിക്കൂടാത്ത മണൽപോലെയും സന്തതി ജനിച്ചു (എബ്രായർ 11:11-12). ഈ ഭാഗം നമ്മെ ഗ്രഹിപ്പിക്കുന്നതു അബ്രാഹാമിനെപോലെ തന്നെ സാറാക്കും പ്രാധാന്യമുള്ള, ഉറപ്പുള്ള വിശ്വാസം ഉണ്ടായിരുന്നു എന്നാണ്. ഭർത്താവിന്റെ വിശ്വാസത്താലും അനുസരണത്താലും ഇന്നു ഒരു സ്ത്രീയും രക്ഷിക്കപ്പെടുകയോ നീതീകരിക്കപ്പെടുകയോ ചെയ്യുന്നില്ല. ദൈവവുമായുള്ള ബന്ധത്തിൽ അവർക്കു ദൈവത്തോടു വിശ്വാസം ഉണ്ടായിരിക്കണം. അവളുടേതായ അനുസരണമാണ് ദൈവം പ്രതീക്ഷിക്കുന്നതു. സാറായുടെ വിശ്വസ്തത നമുക്കു ഏവർക്കും മാതൃകയാക്കി എടുക്കാം. അതിനു നിങ്ങളും തയ്യാറാകുമല്ലോ.

★

# ബിലെയാമിന്റെ തെറ്റ്

ആർ. ജോണി

ബൈബിളിൽ അസാധാരണ സ്വഭാവമുള്ള ഒരാളായിട്ടേ നമുക്കു ബിലെയാമിനെ കാണാൻ പറ്റൂ. സംഖ്യാ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന അവന്റെ ജീവിത സ്വാധീനം തിരുവചനത്തിലെ അവസാന പുസ്തകമായ വെളിപ്പാടിലും വ്യക്തമാക്കിയിരിക്കുകയാണ്. യൂദാ വിവരിക്കുമ്പോൾ, എന്തു കാരണം കൊണ്ടാണ് അവൻ അതു ചെയ്തതു എന്നു തെളിച്ചു പറയുന്നുണ്ട്. കൂലി കൊതിച്ചാണ് ആ തെറ്റ് അവൻ പ്രവർത്തിക്കുന്നതു. അത്യാഗ്രഹം ആണ് അവനെക്കൊണ്ട് അതു ചെയ്യിച്ചതു എന്നു സാരം. അവന്റെ നല്ല സ്വഭാവ ഗുണങ്ങളെല്ലാം തന്നെ മങ്ങിപ്പോകുവാൻ കാരണം, അവൻ കാംക്ഷിച്ചതു ഉയർച്ചയും പ്രസിദ്ധിയും, പ്രചാരവും, പണവുമായിരുന്നു. അവൻ ഒരു പ്രശ്നക്കാരനായിരുന്നു എന്നു യോശുവ രേഖപ്പെടുത്തിയിരിക്കുന്നു (യോശുവ 13:22). തന്റെ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി അവന്റെ പ്രവചന പാടവം സ്വാധീനപ്പെടുത്തി എന്നു പറയാം.

അവന്റെ മറ്റൊരു രസകരമായ സ്വഭാവത്തെ പത്രൊസ് വിവരിക്കുന്നുണ്ട്. "അവൻ അനീതിയുടെ കൂലി കൊതിച്ചു എങ്കിലും തന്റെ അകൃത്യത്തിനു ശാസന കിട്ടി; ഉരിയാടാക്കഴുത മനുഷ്യവാക്കായി ഉരിയാടി പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്തുവല്ലൊ (2പത്രൊസ് 2:16) ദ്രവ്യാഗ്രഹം അനേക നൂററാണ്ടുകളിലായി എണ്ണമററ പ്രശ്നങ്ങൾ സമൂഹത്തിൽ വരുത്തിവെച്ചിട്ടുണ്ട്. അതിന്റെ പ്രധാനപ്പെട്ട തെളിവാണ് ബിലെയാം (1 തിമൊഥെ. 6: 10). ബിലെയാം ബാലാക്കിന്റെ ഭൃത്യന്മാരോടു ബാലാക്ക് തന്റെ ഗൃഹം നിറെച്ചു വെള്ളിയും പൊന്നും എനിക്കു

തന്നാലും എൻെറ ദൈവത്തിൻെറ കല്പന ലംഘിച്ചു ഏറെ യോ കുറെയോ ചെയ്വാൻ എനിക്കു കഴിയുന്നതല്ല'' എന്നു പറയുന്നു (സംഖ്യാ പുസ്തകം 22:18). അവനെ പരീക്ഷിച്ചതു വാസ്തവത്തിൽ എന്തായിരുന്നു എന്നു ഇതിൽ നിന്നു സ്പഷ്ടമായല്ലൊ.

ഉല്പത്തി പുസ്തകം 49-ാം അദ്ധ്യായം 4-ാം വാക്യത്തിൽ യാക്കോബ് പറയുന്നതു ബിലെയാമിനു ബാധകമാകുന്നു. ''വെള്ളം പോലെ തുളുമ്പുന്നവനേ നീ ശ്രേഷ്ഠനാകയില്ല'' പ്രസിദ്ധിയും പൊന്നും പദവിയുമെല്ലാം തന്നെ ശൂന്യമായ കുമിളകൾ പോലെയാണ്. അതിൻെറ തിളക്കം നശിപ്പിക്കുന്ന പ്രശ്നങ്ങൾ പതിയിരിക്കുന്നു എന്ന സൂചനയാണ് നല്കുന്നതു.

ബാലാക്ക്രാജാവുമായി വിട്ടുവീഴ്ച ചെയ്തതിൻെറ ഫലമായി ബിലെയാമിൻെറ മനസാക്ഷി ഇസ്രായേലിനെ വിഗ്രഹങ്ങളിലേക്കു തിരിച്ചുവിട്ടു അവരെ വ്യഭിചരിപ്പെടുത്തി. ഈ സംഭവം അവരെ അന്യദേവന്മാരെ വണങ്ങുവാനും ദൈവത്തിൽ നിന്നു അകന്നുപോകുവാനും അധാർമ്മികത്വത്തിലേക്കും തിരിഞ്ഞു (സംഖ്യാ പുസ്തകം 31). സത്യത്തിനു വേണ്ടി നില്ക്കുമ്പോൾ പ്രസിദ്ധിക്കും പദവിക്കും വേണ്ടി ഇളകിപോയാൽ, ചിലപ്പോൾ സാമ്പത്തികമായ ഭദ്രതക്കുവേണ്ടിയായാൽ പോലും, നമ്മുടെ സമ്പാദ്യം തെററായ ദിശയിൽ കൂടെ ആയിരിക്കും. സാത്താൻ വളരെ തന്ത്രശാലിയാണ്. നമ്മുടെ ബലഹീനതയെ ചൂഷണം ചെയ്യാൻ ഉററിരിക്കയാണ് അവൻ: അവസാനം സംഭവിക്കുന്നതെന്തെന്നു പൌലോസ് രേഖപ്പെടുത്തിയിരിക്കുന്നു. ''ചിലർ നല്ല മനസ്സാക്ഷി തള്ളികളഞ്ഞിട്ടു അവരുടെ വിശ്വാസകപ്പൽ തകർന്നു പോയി. ഹുമനയൊസും അലെക്സന്തരും ഈ കൂട്ടത്തിൽ ഉള്ളവർ ആകുന്നു. അവർ ദൂഷണം പറയാതിരിപ്പാൻ പഠിക്കേണ്ടതിനു ഞാൻ അവരെ സാത്താനെ ഏല്പിച്ചിരിക്കുന്നു (1തിമൊഥെയോസ് 1: 19-20). അവർ ദ്രവ്യാഗ്രഹത്തിൽ കൌശലവാക്കു പറഞ്ഞു

നിങ്ങളെ വാണിഭം ആക്കും എന്നു പത്രൊസ് എഴുതിയിരിക്കുന്നു (2 പത്രൊസ് 2:3). നേർവഴി വിട്ടു പോകുന്നതിൻെറ കാരണം ആണ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നതു.

ഒരിക്കൽ നല്ല പ്രവാചകനായിരിക്കയും പിന്നീട് ദ്രവ്യാഗ്രഹം മൂലം അവൻെറ സ്വഭാവം വ്യതിചലിച്ചുപോകുകയും ചെയ്യുന്നു. അതുകൊണ്ട് ഇസ്രായേലിനെ അപകടകരമായ നാശത്തിൽ കൊണ്ടുചെന്നാക്കി. അവൻെറ സ്വാധീനം തെററായ കാര്യങ്ങൾ ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചു. പിന്നീട് ബിലെയാമിൻെറ ഉപദേശം നിമിത്തം ബാലാക്ക് ഇസ്രായേലിനെ വിഗ്രഹാരാധനയിലേക്കും അധാർമ്മിക ജീവിതത്തിലേക്കും നയിച്ചതുപോലെ അന്യ ഉപദേശം സ്വീകരിച്ച പെർഗ്ഗമൊസ് സഭയെ കർത്താവ് മുന്നറിയിപ്പിക്കുന്നുണ്ട്. അന്യഥാ ഉപദേശിക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണം എന്നു ദൈവം മുന്നറിയിച്ചിട്ടുണ്ടല്ലൊ. കയ്യീൻ പിശാചിനെ പിന്തുടർന്നു തൻെറ സ്വന്തം സഹോദരനെ കൊല്ലുവാൻ തുനിയുന്നു. ബിലെയാം മരിച്ച് നൂററാണ്ടുകൾക്കു ശേഷവും അതു മോശമായ മാതൃകയായി ഇന്നും നമ്മുടെ കൺമുമ്പിൽ തെളിഞ്ഞു നിൽക്കുകയാണ്. നാം അങ്ങനെ ജീവിക്കാതിരിപ്പാൻ കുററരഹിതമായി ജീവിക്കുവാൻ ദൈവം തന്നിരിക്കുന്ന ഉപദേശമാണ് നാം സ്വീകരിക്കേണ്ടതു.

★

# ഒന്നു തന്നെ

ടി. സി. രാജൻ

രക്ഷക്കു മാർഗ്ഗം ലോകത്തിൽ പലതാണെന്നാകിലും,
രക്ഷകൻ ക്രിസ്തുവും ഒന്നുതന്നെ;
ക്രിസ്തുക്കൾ അനവധിയുണ്ടെന്നാകിലും
സാക്ഷാൽ ക്രിസ്തു ഒന്നു തന്നെ.
യാഗങ്ങൾ അനവധിയുണ്ടെന്നാകിലും
സമ്പൂർണ്ണയാഗം.... കാൽവറിയിലതൊന്നു തന്നെ,

ആത്മാക്കൾ അനവധിയുണ്ടെന്നാകിലും
പരിശുദ്ധാത്മാവും ഒന്നു തന്നെ
പ്രവർത്തികൾ അനവധിയുണ്ടെന്നാകിലും
പ്രവർത്തകൻ അതൊന്നു തന്നെ;
പലദേശ, ഭാഷക്കാർ നാമെന്നാകിലും,
ക്രിസ്തുയേശുവിൽ നാമൊന്നു തന്നെ,

ജനതകൾ അനവധിയുണ്ടെന്നാകിലും
വിശുദ്ധ വംശവും, സ്വന്തജനവും നാമൊന്നു തന്നെ,
വിശ്വാസം പല അളവിലെന്നാകിലും
വിശ്വാസ നായകൻ ഒന്നു തന്നെ.
വേദങ്ങൾ പലതാണെന്നാകിലും
വിശുദ്ധവേദവും ഒന്നു തന്നെ,

വിശുദ്ധന്മാർ പലതുണ്ടെന്നാകിലും
പരിശുദ്ധനായവൻ ഒന്നു തന്നെ.
പാപങ്ങൾ അനവധിയുണ്ടെന്നാകിലും
പാപ കാരണം ഒന്നു തന്നെ.
മാർഗ്ഗങ്ങൾ പലതുണ്ടെന്നാകിലും
രക്ഷാമാർഗ്ഗവും ഒന്നു തന്നെ

ക്രിസ്തുയേശുവും ഒന്നു തന്നെ.

★

# ക്രിസ്തുവിന്റെ ഉയിർപ്പ് നോക്കുക

## ഡില്ലാർഡ് തർമാൻ

തോട്ടത്തിലെ, യേശുവിന്റെ ശരീരം വെച്ചതായ കല്ലറ തുറന്നും ശൂന്യവുമായി കാണപ്പെട്ട വസ്തുത ബൈബിളിൽ എല്ലാ ഭാഗത്തും രേഖപ്പെടുത്തിയിരിക്കുന്ന സാക്ഷ്യം വളരെ അത്ഭുതം ഉളവാക്കുന്ന ഒന്നാണ്. സ്ത്രീകൾ കല്ലറക്കൽ കരഞ്ഞുകൊണ്ടു നില്ക്കുമ്പോൾ ദൂതൻ അവരോടു പറഞ്ഞതു ക്രിസ്ത്യാനിത്വത്തിന്റെ അതിപ്രാധാന്യവും ശക്തിയും ജീവനും ആണെന്നും തെളിയിക്കുന്നു. ആ സ്ത്രീകൾ ഭയപ്പെട്ടു മുഖം കുനിച്ചു നില്ക്കുമ്പോൾ അവൻ അവരോടു: നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതു എന്തു ? അവൻ ഇവിടെ ഇല്ല; ഉയിർത്തെഴുന്നേററിരിക്കുന്നു എന്നു പറഞ്ഞു (ലൂക്കൊസ് 24:5-6). ഈ സംഭ്രമജനകമായ വാർത്ത സ്ഥിരീകരിച്ചുകൊണ്ട് ക്രിസ്തീയ സേവനത്തിന്റെ വാതിൽ തുറന്നിടുകയും തെളിയിക്കുകയും ചെയ്തു. അവൻ പിതാവിന്റെ അടുക്കലേക്കു സ്വർഗ്ഗാരോഹണം ചെയ്തു പോകുന്നതിനു മുൻപ് അവർക്കു പ്രത്യക്ഷനായി. യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ മാഹാത്മ്യത്തെ അവഗണിച്ചുകൊണ്ട് മാസത്തിലൊരിക്കലോ, വർഷത്തിലൊരിക്കലോ നിസാരമായ മനുഷ്യനിർമ്മിതമായ ആഘോഷത്താലോ ഈസ്ററർ എന്ന പേരിലോ മററും നടത്തുന്നതു എത്ര ഖേദകരമാണ്. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ഉയിർത്തെഴുന്നേററ യേശു അവനെ ഓർമ്മിക്കുവാൻ പറഞ്ഞതു അതേപോലെ നാം അനുസരിക്കണം (1കൊരിന്ത്യർ 11:23-28).

## തൻെറ ഉയിർപ്പ് യേശു മുന്നറിയിച്ചിരുന്നു.

യേശു, തൻെറ പരസ്യ ശുശ്രൂഷക്കിടയിൽ ശിഷ്യന്മാരോടു തൻെറ ആസന്നമായ മരണത്തെ അറിയിച്ചിരുന്നു. അതിനു ശേഷം മൂന്നാം നാരം അവൻ വിജയകരമായി ഉയിർത്തെഴുന്നേല്ക്കുമെന്നും സൂചിപ്പിച്ചിരുന്നു. യേശു യെഹൂദന്മാരോടു; ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു. പക്ഷെ അവർക്ക് അതു മനസിലായില്ല. അവൻ പറഞ്ഞതു തൻെറ ശരീരമെന്ന മന്ദിരത്തെക്കുറിച്ചാണ്. ഒരു അടയാളം ചെയ്തു കാണിക്കണമെന്നു യേശുവിനോടു പരീശന്മാരും ശാസ്ത്രിമാരും ആവശ്യപ്പെട്ടു. അവൻ അവരോട് പറഞ്ഞതു: ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാപ്രവാചകൻെറ അടയാളമല്ലാതെ അതിനു അടയാളം ലഭിക്കയില്ല. യോനാ കടലാനയുടെ വയററിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ആയിരിക്കും എന്നത്രെ (മത്തായി 12: 39-40).

ഉയിർത്തെഴുന്നേല്പിനെ കുറിച്ചുള്ള കർത്താവിൻെറ ഉപദേശങ്ങരം യെഹൂദന്മാർക്കോ അവൻെറ ശിഷ്യന്മാർക്കോ ഉരംക്കൊള്ളുവാൻ കഴിഞ്ഞില്ല. അവരെ തികച്ചും അമ്പരപ്പിക്കുന്നതായിരുന്നു അവ. എന്നാൽ അവൻ ഉയിർത്തെഴുന്നേററു വന്നപ്പോരം അവർ അതെല്ലാം ഓർത്തു. അങ്ങനെ അവൻെറ പ്രവചനം ഓരോന്നും നിറവേററി. "അനന്തരം അവൻ പന്തിരുവരെ കൂട്ടിക്കൊണ്ടു അവരോടു: ഇതാ നാം യെരൂശലേമിലേക്കു പോകുന്നു; മനുഷ്യ പുത്രനെകുറിച്ചു പ്രവാചകന്മാർ എഴുതിയിരിക്കുന്നതെല്ലാം നിവർത്തിയാകും. അവനെ ജാതികരംക്കു ഏല്പിച്ചു കൊടുക്കയും അവർ അവനെ പരിഹസിച്ചു അവമാനിച്ചു തുപ്പി തല്ലീട്ടു കൊല്ലുകയും മൂന്നാം നാരം അവൻ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും എന്നു പറഞ്ഞു. അവരോ ഇതു ഒന്നും ഗ്രഹി

ച്ചില്ല; ഈ വാക്കു അവർക്കു മറവായിരുന്നു. പറഞ്ഞതു അവർ തിരിച്ചറിഞ്ഞതുമില്ല (ലൂക്കൊസ് 18:31-34). മററാരും ഇതുപോലുള്ള വ്യക്തിപരമായ പ്രവചനം സ്പഷ്ടമായി പ്രതിപാദിച്ചിട്ടില്ല. ഈ മുന്നറിയിപ്പ് നിറവേറിയതുകൊണ്ട് അവൻ ക്രിസ്തുവാണെന്ന് അസന്നിഗ്ദ്ധമായി തെളിയിച്ചു.

## ഉയിർപ്പിൻെറ സ്വാധീന മാററം

പ്രഭാതത്തിൽ യേശുവിൻെറ കല്ലറക്കൽപോയ സ്ത്രീകളുടെ ജീവിതം മാററപ്പെട്ടു. യേശു ഉയിർത്തെഴുന്നേററു എന്നു പ്രസ്താവിച്ചശേഷം ദൂതൻ അവരോട്; അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേററു എന്നു വേഗം ചെന്നു അവൻെറ ശിഷ്യന്മാരോടു പറവിൻ; അവൻ നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകുന്നു; അവിടെ നിങ്ങൾ അവനെ കാണും; ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 28:7). ഇതു ഉറപ്പിക്കുന്നതിനു യേശു അവരെ കണ്ടു പറയുന്നതു; ''നിങ്ങൾക്കു വന്ദനം എന്നു പറഞ്ഞു; അവർ അടുത്തു ചെന്നു അവൻെറ കാൽ പിടിച്ചു അവനെ നമസ്കരിച്ചു. യേശു അവരോടു ഭയപ്പെടേണ്ടാ; നിങ്ങൾപോയി എൻെറ സഹോദരന്മാരോടു ഗലീലെക്കു പോകുവാൻ പറവിൻ; അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു (വാക്യം 10).

സ്ത്രീകളുടെ വാക്കുകൾ ശിഷ്യന്മാർ കേട്ടപ്പോൾ അതു നിരർത്ഥകകഥകളെന്നു വിചാരിച്ചു വിശ്വസിച്ചില്ല (ലൂക്കൊസ് 24:11). പിന്നെ പതിനൊന്നു ശിഷ്യന്മാരും ദൂരെ ഗലീലെക്കുപോയി യേശു അവരോടു പറഞ്ഞിരുന്നതനുസരിച്ച് ഒരു മലയിൽ ചെന്നു. അവിടെ അവർ അവനെ കണ്ടപ്പോൾ അവർ അവനെ വന്ദിച്ചു. ചിലരോ സംശയിച്ചു (മത്തായി 28:16-17). അവർ അതിസൂക്ഷ്മതയുള്ളവരെന്നു തോന്നുന്നുവെങ്കിൽ അവരുടെ സ്ഥാനത്തു നിങ്ങൾ ആയിരുന്നുവെങ്കിലോ ഒന്നു ചിന്തിച്ചു നോക്കുക.

മരിച്ചവരിൽ നിന്നു ആരെങ്കിലും എഴുന്നേററുവന്നു മനുഷ്യർക്കിടയിൽ അന്നുവരെ നടന്നിട്ടുണ്ടോ ? അങ്ങനെ ഉണ്ടായിരുന്നെങ്കിൽ തോമസ് സംശയിക്കുമായിരുന്നില്ല എന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ എല്ലാവരുടെ സംശയങ്ങളും വേഗത്തിൽ അപ്രത്യക്ഷമായി; ലൂക്കൊസ് അതു വിവരിക്കുന്നുണ്ട്. പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു ആരോഹണം ചെയ്ത നാളംവരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലോ. അവൻ കഷ്ടം അനുഭവിച്ചശേഷം നാല്പതു നാളോളം അവർക്കു പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ടു താൻ ജീവിച്ചിരിക്കുന്നു എന്നു അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്കു കാണിച്ചു കൊടുത്തു (പ്രവൃത്തി 1:1_3).

## തന്റെ ഉയിർപ്പിന്റെ ആത്മീയ ശക്തി

യേശുവിന്റെ ഉയിർപ്പിൽ അടങ്ങിയ ആത്മീയ ശക്തിയെ നാം കുറച്ചു കാണരുതു. കാരണം അവിടെയാണ് അവന്റെ ദൈവികത്വത്തിന്റെ തെളിവ്. ഉയിർത്തെഴുന്നേററ യേശു തന്റെ ശിഷ്യൻമാർക്കു ചില കാര്യങ്ങൾ ചുമതലപ്പെടുത്തികൊടുക്കുന്നുണ്ട്. "യേശു അടുത്തു ചെന്നു; സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ (മത്തായി 28:18-19) എന്നു പറഞ്ഞു. വിശ്വസിക്കയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ

രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നു പറഞ്ഞു (മർക്കൊസ് 16:16). യേശുവിനെ ക്രൂശിൽ തറെച്ചുകൊന്നു. എന്നാൽ അവൻ മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേററു കർത്താവും ക്രിസ്തുവുമായി തീർന്നു എന്നായിരുന്നു പെന്തെകൊസ്തുനാളിലെ പത്രൊസിന്റെ പ്രസംഗം (പ്രവൃത്തി 2:22-24). പിന്നീട്, പ്രവാചകനായിരുന്ന ദാവീദിന്റെ പ്രസ്താവന ഉദ്ധരിക്കുന്നുണ്ട്. "നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല; നിന്റെ പരിശുദ്ധനെ ദ്രവത്വം കാൺമാൻ സമ്മതിക്കയുമില്ല. ഞങ്ങൾ അതിനു സാക്ഷികളാണെന്ന് അവന്റെ ഉയിർപ്പിനെ കുറിച്ച് അപ്പൊസ്തലൻമാർ ദൃഢസ്വരത്തിൽ പറഞ്ഞു.

## ഉയിർത്തെഴുന്നേൽപിനാൽ പൌലോസിന്റെ ജീവിതം മാറി

പൌലൊസ്, യേശുവിന്റെ ഉയിർപ്പിനെ രേഖപ്പെടുത്തിയിരിക്കുന്നതു ഇപ്രകാരമാകുന്നു. ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്നും ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലൊ ഞങ്ങൾ അവന്റെ നാമത്തിന്നായി സകല ജാതികളുടേയും ഇടയിൽ വിശ്വാസത്തിനു അനുസരണം വരുത്തേണ്ടതിന്നു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചതു (രോമർ 1:5). ഉയിർത്തെഴുന്നേററ കർത്താവിനെ അവസാനമായി കണ്ടതു പൌലോസ് ആയിരുന്നു (പ്രവൃത്തി 9:3-5). അകാലത്തിലായിരുന്നു അവനെ തിരഞ്ഞെടുത്തതു. തന്റെ എഴുത്തുകളിലെല്ലാം തന്നെ ഉയിർത്തെഴുന്നേൽപിന്റെ തെളിവുകൾ നിഷേധിക്കാനാവാത്ത രീതിയിൽ നൽകിയിട്ടുണ്ട്. ആ ഉയിർപ്പുമായി ബന്ധപ്പെട്ടതാണ് സുവിശേഷമെന്നും സുവിശേഷത്താലാണ് ഓരോരുത്തരേയും ദൈവം

വിളിക്കുന്നതെന്നും അതിനാലാണ് നാം ജീവിക്കുന്നതെന്നും പൌലോസ് വ്യക്തമാക്കിയിട്ടുണ്ട് (1 കൊരിന്ത്യർ 15:1-4). നാം ഈ ആയുസിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നവരാണെങ്കിൽ സകല മനുഷ്യരിലും അരിഷ്ടൻമാരത്രെ എന്നും അവൻ ഓർമ്മിപ്പിക്കുന്നു. യേശുക്രിസ്തുവിൻെറ നാമത്തിനുവേണ്ടി ബന്ധിക്കപ്പെടുവാനും മരിക്കുവാനും പോലും തയ്യാറായ പൌലൊസ് മുൻപ് യേശുക്രിസ്തുവിൻെറ ഉപദേശത്തെയും ക്രിസ്ത്യാനിത്വത്തേയും നശിപ്പിക്കുവാൻ കൂടി നടന്നിരുന്നു എന്ന് ഓർക്കണം. ഇപ്പോൾ ഇതാ അവൻെറ ജീവിതം പൂർണ്ണമായി കർത്താവിനു സമർപ്പിച്ചിരിക്കയാണ്. ഈ മാററം ഉയിർത്തെഴുന്നേററ ക്രിസ്തുവിനാൽ സംഭവിച്ചു.

★

# പ്രവാചകൻ

## J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

### ഹോശേയ

**ബെ**യേരിയുടെ മകനാണു ഹോശേയാവ്. യോരോബെയാം എന്ന ഇസ്രായേൽ രാജാവിൻെറ കാലത്തു ഹോശേയാവിനു യഹോവയുടെ അരുളപ്പാട് ലഭിച്ചു. അരുളപ്പാട് ഇപ്രകാരം ആയിരുന്നു. നീ ചെന്നു പരസംഗം ചെയ്യുന്ന ഒരു ഭാര്യയേയും പരസംഗത്തിൽ ജനിച്ച മക്കളെയും എടുക്ക. ദേശം യഹോവയെ വിട്ടുമാറി കഠിനപരസംഗം ചെയ്തിരിക്കുന്നു. യഹോവ പരസംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയല്ല ഇപ്രകാരം ഒരു അരുളപ്പാട് അവനു നൽകിയത്. ദേശം കഠിന പരസംഗം ചെയ്യുമ്പോൾ

പരസംഗത്തിൽ മുഴുകാത്ത ഒരു സ്ത്രീയും ആ ദേശത്തിൽ കാണുകയില്ലല്ലോ. അതുകൊണ്ടാകാം ദൈവം അപ്രകാരം അവനോടു അരുളിച്ചെയ്തത്.

അവൻ അതു അനുസരിച്ചു. ദിബ്ലയീമിൻെറ മകളായ ഗോമേരിനെ പരിഗ്രഹിച്ചു. അവനിൽ ആദ്യം ജനിച്ച മകനു യിസ്രയേൽ എന്ന നാമം നൽകി ദൈവം വിതെക്കും എന്നായിരുന്നു ആ നാമത്തിനു അർത്ഥം. അവനിൽ ഒരു മകാം ഉണ്ടായി. കരുണ ലഭിക്കാത്തവരം എന്നർത്ഥമുള്ള ലോരുഹമാ എന്ന നാമം അവരാക്കു നൽകി. പിന്നെ അവനിൽ ജനിച്ച മകനു എൻെറ ജനമല്ല എന്നു അർത്ഥമുള്ള ലോ-അമ്മി എന്ന നാമം നൽകി.

മൂന്നു നാമങ്ങളുടെയും അർത്ഥങ്ങളിൽ കണ്ണോടിച്ചാൽ യിസ്രായേൽ ജനം പരസംഗത്താൽ ദൈവത്തിൽ നിന്നും വളരെ അകന്നിരിക്കുന്നുവെന്നു മനസ്സിലാക്കാം. ദൈവം അവരുടെ തെററുകരംക്കു ഒത്തവണ്ണം തീരുമാനിച്ചിരുന്നു. അതു അരുളപ്പാടിലൂടെ ജനത്തിനു വെളിപ്പെടുത്തികൊടുത്തു. ഞാൻ ഇനി യിസ്രായേൽ ഗൃഹത്തോടു ക്ഷമിപ്പാൻ തക്കവണ്ണം അവരോടു ഒട്ടും കരുണ കാണിക്കുകയില്ല. എന്നാൽ യഹൂദാഗൃഹത്തോടു കരുണ കാണിച്ചു അവരെ രക്ഷിക്കും (2:1-11). തന്നെ അനുസരിക്കുന്നവരോടു കരുണ കാണിക്കുവാനും, അവരെ രക്ഷിക്കുവാനും കരുതൽ എടുക്കുന്നവനാണ് ദൈവം. യഹൂദാഗൃഹത്തെ രക്ഷിക്കുമെന്നു അവൻെറ അരുളപ്പാടിലൂടെ നമുക്കു മനസ്സിലാക്കാം.

ദൈവത്തെ അനുസരിക്കുന്നവർ ഒരിക്കലും ദുഃഖിക്കുകയില്ല. അവരുടെ ജീവിതത്തിൽ സത്യം, ദയ, ദൈവപരിജ്ഞാനം എന്നിവ പ്രതിഫലിച്ചു നിൽക്കും. എന്നാൽ ഇസ്രായേൽ ജനത്തിൻെറ മദ്ധ്യേ അവ ഇല്ലായിരുന്നു. അതുകൊണ്ടു അവർ ദുഃഖിച്ചു. ഇടറി വീണു ദൈവത്തെ വിട്ടു പരസംഗം ചെയ്തു (4:1-4, 12).

ദൈവത്തിൻെറ അടുക്കലേക്കു് ചെല്ലുന്ന ഏതു പാപിയേയും ദൈവം ഒരിക്കലും കൈവിടുകയില്ല. ആദാമിൻെറ കാലം മുതൽ ഇന്നു വരെ അതു സംഭവിച്ചുകൊണ്ടിരിക്കുന്നു. അതു മനസ്സിലാക്കിയ ഹോശേയാവ് ദൈവത്തിൻെറ അടുക്കലേക്കു തിരിയുവാൻ ഇസ്രായേൽ ജനത്തെ ആഹ്വാനം ചെയ്യുന്നു: വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക. അവൻ നമ്മെ കടിച്ചുകീറിയിരിക്കുന്നു; അവൻ സൗഖ്യമാക്കും അവൻ നമ്മെ അടിച്ചിരിക്കുന്നു അവൻ മുറിവു കെട്ടും. രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ നമ്മെ ജീവിപ്പിക്കും. മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേൽപിക്കും. നാം അവൻെറ മുമ്പാകെ ജീവിക്കുകയും ചെയ്യും. മനുഷ്യർ ദൈവത്തെ അറിയുവാൻ ഉൽസാഹിക്കണം. കാരണം അവൻെറ ഉദയം പ്രഭാതം പോലെ നിശ്ചയമുള്ളത്. അവൻ മഴ പോലെ, ഭൂമിയെ നനക്കുന്ന പിന്മഴപോലെ തന്നെ, നമ്മുടെ അടുക്കൽ വരും. ദൈവന്യായം വെളിച്ചം പോലെ ഉദിക്കുന്നു. യാഗത്തിലല്ല, ദയയിലും ഹോമയാഗങ്ങളെക്കാരം ദൈവപരിജ്ഞാനത്തിലും ദൈവം പ്രസാദിക്കുന്നു (6:1-3, 6, 7).

അവൻെറ ആഹ്വാനം കൈക്കൊള്ളുന്നതിനുപകരം ജനം ബലിപീഠങ്ങളെ പണിതും, വിഗ്രഹസ്തംഭങ്ങളെ ദേശത്തിൽ വർദ്ധിപ്പിച്ചും; കള്ളസത്യം ചെയ്തും നാശത്തിലേക്കു കുതിച്ചു. ഇസ്രായേൽ മാത്രമല്ല യഹൂദയും ദൈവത്തോടും വിശ്വസ്തനായ പരിശുദ്ധനോടും അസ്ഥിരത കാണിച്ചു. അതുകൊണ്ടു അവർ ജീവിതത്തിൽ ഇടറി വീണു. യഹോവയുടെ വഴികരം ചൊവ്വുള്ളതാണ്. നീതിമാൻമാർ അതിൽ നടക്കും. അതിക്രമക്കാർ അതിൽ ഇടറി വീഴും.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

**ലുദ്ദയിൽ** എട്ടു സംവത്സരമായി പക്ഷവാതം പിടിച്ചു കിടന്ന ഐനെയാസിനെ പത്രൊസ് കണ്ടപ്പോൾ ഐനെയാസേ യേശുക്രിസ്തു നിന്നെ സൗഖ്യമാക്കുന്നു; എഴുന്നേററു താനായി തന്നെ കിടക്ക വിരിച്ചുകൊൾക എന്നു പറഞ്ഞു; ഉടനെ അവൻ എഴുന്നേററു'' (അപ്പൊസ്തല പ്രവൃ. 9:34), സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തു ജീവിച്ച യേശുക്രിസ്തുവിന്റെ ശിഷ്യയായിരുന്ന യോപ്പയിലെ പേടമാൻ എന്നർത്ഥമുള്ള തബീഥാ പെട്ടെന്നു ദീനം പിടിച്ചു മരിച്ചു, ഉടനെ പത്രൊസിനെ അവിടെ വരുത്തി. പത്രൊസ് ''മുട്ടു കുത്തി പ്രാർത്ഥിച്ചു ശവത്തിന്റെ നേരെ തിരിഞ്ഞു. തബീഥയെ, എഴുന്നേൽക്ക എന്നു പറഞ്ഞു; അവൾ കണ്ണു തുറന്നു. അവൻ കൈകൊടുത്തു അവളെ എഴുന്നേൽപിച്ചു, വിശുദ്ധൻമാരെയും വിധവമാരെയും വിളിച്ചു അവളെ ജീവനുള്ളവളായി അവരുടെ മുമ്പിൽ നിറുത്തി'' (അപ്പോ. 9:40, 41). പത്രൊസിനുണ്ടായിരുന്ന ആത്മീയ സമ്പത്തു എത്ര അധികമായിരുന്നു. പീഡനങ്ങളും ഉപദ്രവങ്ങളും പ്രതിബന്ധങ്ങളും നിറഞ്ഞുനിന്ന അന്നത്തെ കാലയളവിൽ അനേകരെ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറപ്പിക്കാനും നില നിറുത്താനും അപ്പോസ്തലൻമാർക്ക് കഴിഞ്ഞത് അവരുടെ ആത്മീയ സമ്പത്തിനാലായിരുന്നു. അല്ലാതെ ഇന്നു ചെയ്യുന്നതുപോലെ, പാൽപൊടിയും, ഗോതമ്പും വിതരണം ചെയ്തും, ജോലികൊടുത്തും വീടു പണിതുകൊടുത്തും ഇപ്രകാരമുള്ള രീതികളിൽ ആത്മാക്കളെ വിലക്കു വാങ്ങി

യിരുന്നില്ല. ഭൗതീക സമ്പത്തുള്ളവർ ഇന്ന് എവിടേയും ധാരാളം. ആത്മീയ സമ്പത്തുള്ളവരും, സമ്പന്നൻമാരും എവിടെ.......? ആര്.......?

യേശുവിന്റെ ശിഷ്യന്മാരായ അപ്പോസ്തലന്മാരുടെ കാലയളവിൽ, അവർ ജനത്തിന്റെ ഇടയിൽ അനേകം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തിരുന്നു. "മേല്ക്കുമേൽ അനവധി പുരുഷന്മാരും സ്ത്രീകളും കർത്താവിൽ വിശ്വസിച്ചുചേർന്നു വന്നു. രോഗികളെ പുറത്തുകൊണ്ടുവന്നു, പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴൽ എങ്കിലും അവരിൽ വല്ലവരുടെയും മേൽ വീഴേണ്ടതിന്നു വീഥികളിൽ വിരിപ്പിന്മേലും കിടക്കമേലും കിടത്തും. അതു കൂടാതെ യെരൂശലേമിന്നു ചുററുമുള്ള പട്ടണങ്ങളിൽ നിന്നും പുരുഷാരം വന്നുകൂടി രോഗികളെയും അശുദ്ധാത്മാക്കൾ ബാധിച്ചവരെയും കൊണ്ടു വരികയും; അവർ എല്ലാവരും സൌഖ്യം പ്രാപിക്കയും ചെയ്യും." (അപ്പോ. 5:14-16) അപ്പോസ്തലന്മാർ എല്ലാവരും തികച്ചും ആത്മീയ സമ്പന്നരായിരുന്നു. യേശുക്രിസ്തുവിൽ നിന്നും അധികമായ അനുഗ്രഹങ്ങൾ അവർ പ്രാപിച്ചിരുന്നു. അവർക്ക് ലഭിച്ചിരുന്ന ആത്മീയ സമ്പത്തുകൾ മററുള്ളവർക്ക് ഔദാര്യമായി കൊടുക്കുന്നതിന് അവർ ഒട്ടും പിശുക്കു കാണിക്കുകയോ അവയ്ക്ക് വിലവാങ്ങുകയോ ചെയ്തിരുന്നില്ല. സൗജന്യമായി അവർക്കു ലഭിച്ചു സൗജന്യമായി അവർ കൊടുക്കയും ചെയ്തു. അവർ ഭൂമിയിൽ ഭൗതീകമായി ദരിദ്രരായിരുന്നു. ഇന്ന് ലോകത്തിൽ അധികം ആളുകളും പദവിയെ എത്തി പിടിക്കാൻ ശ്രമിക്കുന്നവരാണ്. എന്നാൽ അപ്പോസ്തലന്മാർക്ക് ഉണ്ടായിരുന്നതുപോലുള്ള ആത്മീയ ഗുണവശങ്ങളെ പ്രാപിക്കുന്നതുമില്ല. ഭൗതീക സമ്പന്നരായി തീരുന്നതിലേക്കാണ് എല്ലാവരുടേയും പരിശ്രമം. പത്രോസിന്റെ സിംഹാസനത്തെയും പിൻതുടർച്ചാവകാശത്തെയും ചൊല്ലി പെരുമ്പറ കൊട്ടുന്നവർക്ക് പത്രോസ് ചെയ്തിരുന്ന ആത്മീയ ശുശ്രൂഷകളുടെ കണിക പോലും തീണ്ടിയിട്ടില്ല. ആത്മീയ

സമ്പന്നതയിൽ നിന്നും ജനത്തിനു പകർന്നുകൊടുക്കാൻ ഒന്നുമില്ലാത്ത വെറും പൊട്ടക്കിണറുകൾ ആണ്.

'കർത്താവ് എന്റെ ഇടയനാകുന്നു.' ക്രിസ്തുവിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന ആത്മീയധനം കൊണ്ട് അവൻ മേയ്ക്കുന്ന പച്ചയായ മേച്ചിൽ പുറങ്ങളിൽ മേഞ്ഞു പുഷ്ടി പ്രാപിക്കാനും, അവന്റെ നീരുറവയിൽ നിന്നും നിർഗമിക്കുന്ന സ്വച്ഛജലം പാനം ചെയ്തു ദാഹം ശമിപ്പിക്കാനും ആഗ്രഹിക്കാതെ ലവൊദിക്യ സഭ പറയുന്നതുപോലെ 'ഞാൻ സ്വന്തമായി ഉണ്ടാക്കിയ എന്റെ ധനം, ഭൗതിക നന്മ ലക്ഷ്യമാക്കി ഉണ്ടാക്കപ്പെട്ടിരിക്കുന്ന വിവിധതരത്തിലുള്ള പ്രസ്ഥാനങ്ങളും, സ്ഥാപനങ്ങളും, മനോമോഹനങ്ങളും സുഖദായകവുമായ ദിനചര്യകൾക്കുവേണ്ടിയുള്ള സംവിധാനങ്ങളും, ആകർഷകങ്ങളായ വസ്ത്രധാരണം എല്ലാറ്റിനേയും തന്റെ ചൊൽപ്പടിക്ക് കീഴിൽ കൊണ്ടുവരാനുള്ള അധികാരക്രമം-അങ്ങനെ ഞാൻ ഒന്നിനും മുട്ടില്ലാതെ ഭാഗ്യവാനായി കഴിയുന്നു എന്നുള്ള കാര്യത്തിൽ ഊറ്റം കൊള്ളുകയാണ്. ക്രിസ്തുവിനെ കച്ചവടച്ചരക്കാക്കി ആധുനിക ലോകം അറിഞ്ഞോ അറിയാതെയോ ചിത്രീകരിച്ചിരിക്കുകയാണ്. ഇങ്ങനെ ഉള്ളവരെക്കാൾ ഭേദമായിരുന്നോ ലവൊദിക്യ സഭ !

ചില ക്രിസ്തീയ സമുദായങ്ങളുടെ പ്രേഷക സംഘടനകൾ ഇന്ന് അൽഭുതങ്ങളുടേയും അടയാളങ്ങളുടേയും വീര്യപ്രവൃത്തികളുടെയും അവകാശികളായി സ്വയം പരിണമിച്ചിരിക്കുകയാണ്. അവർ അൽഭുതങ്ങളും അടയാളങ്ങളും കാണിക്കുന്നുവെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. അങ്ങനെ ഉള്ളവർ സ്വന്തം ശരീരത്തിലെ രോഗത്തിന് ശാന്തി ഉണ്ടാക്കാൻ വിദേശങ്ങളിൽ നിന്നും ഔഷധങ്ങൾ വരുത്തുകയും വിദേശരാജ്യങ്ങളിൽ പോയി ചികിൽസിക്കുകയും ചെയ്യുന്നു. മറ്റൊരു കൂട്ടർ സ്വന്തം നാടുകളിൽ ഏറ്റവും ഉയർന്ന ശ്രേഢിലുള്ള നഴ്സിംഗ് ഹോമിൽ

താമസിച്ചു ചികിൽസ നടത്തുന്നു. കഷണ്ടിയുള്ളവൻ തൻെറ സ്വന്തം കഷണ്ടി തലപ്പാവ്കൊണ്ട് മറച്ചിട്ട് വഴിയോരങ്ങളിൽ കഷണ്ടിക്കുള്ള ഔഷധങ്ങൾ വിററ് കീശ വീർപ്പിക്കുന്നതുപോലെയാണ്. ഇവരെല്ലാം യേശുക്രിസ്തുവിനെ കച്ചവടചരക്കാക്കി മാററി ധനം സംഭരിക്കുകയും, സമ്പന്നരായി ഞെളിയുകയും ചെയ്യുന്നതിൽ എന്ത് അതിശയോക്തിയിരിക്കുന്നു.

ക്രിസ്തുവിൻെറ സഭയുടെ യഥാർത്ഥ ധനം വെള്ളിയും പൊന്നും ഈ ലോകത്തിലെ മറെറതുമല്ല. യഥാർത്ഥ ധനം യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിങ്കലുള്ള 'കൃപാധനവും' (എഫെ. 1:8). 'മഹിമാധനവും' (എഫെ. 1:18). "സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളും' (എഫെ. 1:3) ആണ് രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിൻെറ ധനം. "—അവനിൽ നിങ്ങൾ സകലത്തിലും വിശേഷാൽ സകല വചനത്തിലും സകല പരിജ്ഞാനത്തിലും സമ്പന്നരായിത്തീർന്നു. ഇങ്ങനെ നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവരായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാളിൽ കുററമില്ലാത്തവരായിരിക്കേണ്ടതിന്നു അവൻ നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും.'' (1 കൊരി. 1:6-8). "നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിൻെറ തേജസ്സിൻെറ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ച മോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിന്ന് അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു'' (തീത്തൊ. 2:12-13).

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9 15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.
All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9 15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam
All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P M.
Thursdays — 2 30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.
All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese
All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p m.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays — 1 45 P.M

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURHH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To